വർഷം	ജലവൈദ്യുത പദ്ധതികൾ യൂണിറ്റ് (ദശലക്ഷത്തിൽ)	താപവൈദ്യുത നിലയങ്ങൾ യൂണിറ്റ് (ദശലക്ഷത്തിൽ)	കേന്ദ്രഗ്രിഡിൽ നിന്നും ലഭിച്ച വൈദ്യുതി യൂണിറ്റ് (ദശലക്ഷത്തിൽ)
1996 മേയ് 1997	5168.30	-	3121.5
1997-98	5075.80	113.20	4456.7
1998-99	7350.03	493.23	3323.33
1999-2000	7075.24	1829.38	3047.29
2000-2001 ജനുവരി	5196.57	2350.98	3011.77

(ഇ) മറുപടി അനുബന്ധമായി വെച്ചിട്ടുണ്ട്†.

(എഫ്) സംസ്ഥാനത്തിന് പുറത്തും സംസ്ഥാനത്തിന് അകത്തുമുള്ള താപവൈദ്യുതി നിലയങ്ങളിൽ നിന്നും വാങ്ങുന്ന വൈദ്യുതി പ്രത്യേകമായി ഒരു വിഭാഗം ഉപഭോക്താക്കൾക്കും നൽകാറില്ല. വാങ്ങുന്ന വൈദ്യുതിയും ബോർഡിന്റെ ആഭ്യന്തരോല്പാദന വൈദ്യുതിയും സംസ്ഥാന വൈദ്യുതി ശൃംഖലയിലേക്ക് പൂൾ ചെയ്താണ് ഉപഭോക്താക്കൾക്ക് നൽകുന്നത്.

ജലവൈദ്യുത പദ്ധതിയിലെ കേടായ ജനറേറ്ററുകൾ

95 (320) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഓരോ ജലവൈദ്യുത പദ്ധതിയിലും എത്ര ജനറേറ്ററുകൾവീതം സ്ഥാപിച്ചിട്ടുണ്ട് ; അവയുടെ കപ്പാസിറ്റി വ്യക്തമാക്കാമോ ;

(ബി) ഇവയിൽ എത്ര ജനറേറ്ററുകൾ കേടായി കിടക്കുന്നുണ്ട് ; ഇവയുടെ കപ്പാസിറ്റി എത്രയെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇവ പ്രവർത്തനക്ഷമമാക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(ഡി) ഇവ നന്നാക്കുവാൻ എന്തു തുക വേണ്ടിവരും ;

(ഇ) ഇവ നന്നാക്കാത്തതുമൂലം എത്ര യൂണിറ്റ് വൈദ്യുതി വിലയ്ക്ക് വാങ്ങേണ്ടതായി വന്നിട്ടുണ്ട് ;

(എഫ്) ഇതുമൂലമുണ്ടായ നഷ്ടമെത്രയെന്ന് വ്യക്തമാക്കുമോ ?

† അനുബന്ധം XVII

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിശദവിവരം ചുവടെ ചേർക്കുന്നു.

	പദ്ധതിയുടെ പേര്	ജനറേറ്ററുകളുടെ എണ്ണം	കപ്പാസിറ്റി	മൊത്തം കപ്പാസിറ്റി
1.	പള്ളിവാസൽ	6	3 X 5 മെ.വാ + 3 X 5 മെ.വാ	37.5 മെഗാവാട്ട്
2.	ചെങ്കുളം	4	12 മെഗാവാട്ട്	48 മെഗാവാട്ട്
3.	പെരിങ്ങൽകുത്ത്	4	8 മെഗാവാട്ട്	32 മെഗാവാട്ട്
4.	നേരിയമംഗലം	3	15 മെഗാവാട്ട്	45 മെഗാവാട്ട്
5.	പന്നിയാർ	2	15 മെഗാവാട്ട്	30 മെഗാവാട്ട്
6.	ശബരിഗിരി	6	50 മെഗാവാട്ട്	300 മെഗാവാട്ട്
7.	ഷോളയാർ	3	18 മെഗാവാട്ട്	54 മെഗാവാട്ട്
8.	കുറ്റ്യാടി	3	25 മെഗാവാട്ട്	75 മെഗാവാട്ട്
9.	ഇടുക്കി	6	130 മെഗാവാട്ട്	780 മെഗാവാട്ട്
10.	ഇടമലയാർ	2	37.5 മെഗാവാട്ട്	75 മെഗാവാട്ട്
11.	കല്ലട	2	7.5 മെഗാവാട്ട്	15 മെഗാവാട്ട്
12.	പേപ്പാറ	1	3 മെഗാവാട്ട്	3 മെഗാവാട്ട്
13.	മാട്ടുപ്പെട്ടി	1	2 മെഗാവാട്ട്	2 മെഗാവാട്ട്
14.	പെരിങ്ങൽകുത്ത് ലെഫ്റ്റ് ബാങ്ക്	1	16 മെഗാവാട്ട്	16 മെഗാവാട്ട്
15.	ലോവർ പെരിയാർ	3	60 മെഗാവാട്ട്	180 മെഗാവാട്ട്
16.	കക്കാട്	2	25 മെഗാവാട്ട്	50 മെഗാവാട്ട്
17.	കുറ്റ്യാടി എക്സ്റ്റൻഷൻ	1	50 മെഗാവാട്ട്	50 മെഗാവാട്ട്

(ബി) ഇവയിൽ കക്കാടിലെ ഒരു ജനറേറ്റർ കേടായി കിടക്കുന്നുണ്ട്. ഇതിന്റെ കപ്പാസിറ്റി 25 മെഗാവാട്ട് ആണ്. കൂടാതെ പള്ളിവാസലിലെ 3 ജനറേറ്ററുകളുടേയും ചെങ്കുളത്തെ 2 ജനറേറ്ററുകളുടേയും പന്നിയാറിലെ ഒരു ജനറേറ്ററിന്റേയും പുതുക്കി പണികൾ നടന്നു വരുന്നതിനാൽ ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

(സി) പ്രവർത്തനക്ഷമമാകുന്ന പണികൾ ധൃതഗതിയിൽ നടന്നുവരുന്നു.

(ഡി) കക്കാടിലെ ജനറേറ്റർ നന്നാക്കുന്നതിന് ഏകദേശം 220 ലക്ഷം രൂപ വേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇത് നന്നാക്കാത്തതല്ല. നന്നാക്കുന്ന ജോലി കാലദൈർഘ്യമുള്ളതാണ്. ഏതെങ്കിലും ജനറേറ്റർ കേടായാൽ അക്കാരണത്താൽ വൈദ്യുതി വിലയ്ക്ക് വാങ്ങുകയല്ല ചെയ്യുന്നത്. സംസ്ഥാനത്തിന് ആവശ്യമായ വൈദ്യുതി സംസ്ഥാനത്ത് ഉല്പാദിപ്പിക്കാൻ കഴിയുന്നതു കൂടാതെ, സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്ര വൈദ്യുതി വിഹിതം ചേർത്ത് വിതരണം ചെയ്യുകയാണ് ചെയ്യുന്നത്.

(എഫ്) സംസ്ഥാനത്തെ ഓരോ പദ്ധതിയിലേയും വൈദ്യുതിയ്ക്ക് പ്രത്യേക നിരക്ക് നിശ്ചയിച്ചിട്ടില്ല. കേന്ദ്രവിഹിതവും സംസ്ഥാനത്തെ നിലയങ്ങളിൽ നിന്നും ഉല്പാദിപ്പിക്കുന്നതുമായ വൈദ്യുതി ഒരുമിച്ച് ഒരേ നിരക്കിലാണ് ഉപഭോക്താക്കൾക്ക് വില്ക്കുന്നത്. ആയതിനാൽ കക്കാടിലെ ജനറേറ്റർ കേടായതുകൊണ്ട് വൈദ്യുതി വില്പന ഇനത്തിൽ എന്തെങ്കിലും നഷ്ടം വന്നതായി കണക്കാക്കാൻ കഴിയില്ല.

കെ.എസ്.ഇ. ബോർഡിന്റെ പ്രവർത്തനം

96 (321) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ. ബോർഡിന്റെ പ്രവർത്തനം ലാഭത്തിലാണോ ;

(ബി) അല്ലെങ്കിൽ നഷ്ടത്തിലാകാനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(സി) ബോർഡ് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിൽ നിന്നും മുക്തമാകാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

ഉത്തരം

(എ-ഡി) ബോർഡിന്റെ 1999-2000-ലെ താൽക്കാലിക വാർഷിക കണക്കുപ്രകാരം ബോർഡിന്റെ ലാഭം 44.13 കോടി രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. സർക്കാരിൽ നിന്നും ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന 332.37 കോടി രൂപയുടെ സബ്സിഡികൂടി കണക്കിലെടുത്താണ് പ്രസ്തുത ലാഭം കണക്കാക്കപ്പെട്ടിട്ടുള്ളത്. വൈദ്യുതിയുടെ ശരാശരി ഉല്പാദന ചെലവിലും കുറഞ്ഞ വിലയ്ക്കാണ് ബോർഡ് വൈദ്യുതി വില്ക്കുന്നത്. വർദ്ധിച്ച വിലയുള്ള വൈദ്യുതി വിവിധ താപനിലയങ്ങളിൽ നിന്നും വാങ്ങുന്നത് വൈദ്യുതിയുടെ വിലവർദ്ധനവിന് കാരണമാണ്. മൊത്തം ഉല്പാദന വിലയും വില്പന വിലയിലുമുള്ള ഈ അന്തരം കാരണം ബോർഡിന് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. സാമ്പത്തിക ബുദ്ധിമുട്ട് ലഘൂകരിക്കുന്നതിലേക്കായി അനേകം ചെലവ് ചുരുക്കൽ പദ്ധതികൾ ബോർഡ് നടപ്പിൽ വരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly